**<u>15 -ാം കേരള നിയമസഭ</u>**

**<u>3 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 859</u>** **<u>06-10-2021 - ൽ മറുപടിയ്ക്ക്</u>**

**<u>ദേവസ്വം ഭൂമിയിലെ റോഡുകൾക്ക് ഫണ്ട് അനുവദിക്കുന്നത്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളുടെ മതിൽക്കെട്ടിനു പുറമെയുള്ള ബോർഡുവക ഭൂമിയിലൂടെയുള്ള റോഡുകൾ ബോർഡിന്റെ അനുമതിയോടെ ഭക്തജനങ്ങളുടെ സൗകര്യാർത്ഥം സഞ്ചാരയോഗ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം, എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ട് എന്നിവയിൽനിന്നും പണമനുവദിക്കുന്നതിന് അനുമതിയുണ്ടോയെന്ന് വ്യക്തമാക്കാമോ? | (എ) | സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളുടെ മതിൽക്കെട്ടിനു പുറമെയുള്ള ബോർഡുവക ഭൂമിയിലൂടെയുള്ള റോഡുകൾ ബോർഡിന്റെ അനുമതിയോടെ ഭക്തജനങ്ങളുടെ സൗകര്യാർത്ഥം സഞ്ചാരയോഗ്യമാക്കുന്നതിന് എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും തുക അനുവദിക്കുന്നത് 29/12/2017-ലെ സ.ഉ(അച്ചടി)നം.161/2017/ധന നമ്പർ ഉത്തരവിലെ മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ല. ടി ആവശ്യത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്ന് തുക അനുവദിക്കാമോ എന്നത് സംബന്ധിച്ച വിവരം ശേഖരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ